# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 25.06.2026** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ, മൂന്നു ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് ശനിയാഴ്ച തുടക്കമാകും.

**Prime Minister Narendra Modi's three-day visit to Seychelles will begin on Saturday.**

2. ആഗോള വെല്ലുവിളികളെ നേരിടുന്നതിനായി രാജ്യങ്ങൾ പരസ്പര ധാരണയോടെ ഒന്നിച്ച് പ്രവർത്തിക്കണമെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

**External Affairs Minister S Jaishankar said that countries should work together with mutual understanding to address global challenges.**

3. ഇന്ത്യ ഇതുവരെ ഒപ്പുവച്ചതിൽ വച്ച് ഏറ്റവും സമഗ്രമായ കരാറാണ് യുകെയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ എന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

**Union Minister Piyush Goyal said that the free trade agreement with the UK is the most comprehensive agreement India has signed so far.**

4. വ്യാജമരുന്നുകളുടെ വ്യാപനം തടയുന്നതിനായി 1945 ലെ ഡ്രഗ്സ് നിയമങ്ങളിൽ ഭേദഗതി വരുത്തി ആരോഗ്യ മന്ത്രാലയം.

**The Health Ministry has amended the Drugs Act of 1945 to prevent the spread of counterfeit drugs.**

5. വന്യജീവി- മനുഷ്യ സംഘർഷങ്ങൾക്ക് പരിഹാരം കാണാൻ വിശദമായ പദ്ധതി തയ്യാറാക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ.

**Minister Shibu Baby John says that a detailed plan will be prepared to resolve wildlife-human conflicts.**

6. ഫിഫ ലോകകപ്പിൽ ഇന്ന് ക്യുറസാവോ-ഐവറി കോസ്റ്റിനെയും, ഇക്വഡോർ -ജർമനിയെയും നേരിടും. ഐ.സി.സി. വനിതാ ട്വന്റി - 20 ലോകകപ്പിൽ ഇന്ത്യക്കെതിരെ ടോസ് നേടിയ ബംഗ്ലാദേശ് ബാറ്റിംഗ് തെരഞ്ഞെടുത്തു.

**Today, Curacao-Ivory Coast and Ecuador-Germany will face each other in the FIFA World Cup. Bangladesh won the toss and elected to bat against India in the ICC Women's Twenty20 World Cup.**

**&&&&&&&&&&&&&&&&&&&&**

## REV. VP- RS OATH

പുതുതായി തിരഞ്ഞെടുക്കപ്പെട്ടതും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതുമായ പത്ത് രാജ്യസഭാംഗങ്ങൾക്ക് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ പാർലമെന്റ് മന്ദിരത്തിൽ സത്യവാചകം ചൊല്ലിക്കൊടുത്തു. ആന്ധ്രാപ്രദേശ്, അരുണാചൽ പ്രദേശ്, തമിഴ്നാട്, ഒഡീഷ, ഗുജറാത്ത്, ജാർഖണ്ഡ് എന്നിവിടങ്ങളിൽ നിന്നുള്ള അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുവരിൽ ഉൾപ്പെടുന്നു.

**&&&&&&&&&&&&&&&&&&&&**

## PM SEYCHELLES VISIT-INTRO

സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 27 മുതൽ 29 വരെ സെയ്ഷെൽസ് സന്ദർശിക്കും.

വിശദാംശങ്ങളിലേക്ക്..

(വോയിസ്)

## PM- SEYCHELLES VISIT- VOICE

2015-ലാണ് ഇതിനുമുമ്പ് പ്രധാനമന്ത്രി സെയ്ഷെൽസ് സന്ദർശിച്ചത്. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു വിഭാഗവും ഇന്ത്യൻ നാവികസേനയുടെ രണ്ട് കപ്പലുകളും പരിപാടിയിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സന്ദർശന വേളയിൽ പ്രധാനമന്ത്രി സെയ്ഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി ചർച്ചകൾ നടത്തുകയും, ഉഭയകക്ഷി സഹകരണത്തിൻറെ സാധ്യതകൾ വിലയിരുത്തുകയും ചെയ്യും. കൂടാതെ, പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ ഇരുവരും കാഴ്ചപ്പാടുകൾ പങ്കുവെക്കും. സെയ്ഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി, ഇന്ത്യൻ പ്രവാസികളുമായും ആശയവിനിമയം നടത്തും.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&&&

## REV. EAM-KOREA

ആഗോള വെല്ലുവിളികളെ നേരിടുന്നതിൽ അന്താരാഷ്ട്ര സഹകരണത്തിന്റെ ആവശ്യകത അടിവരയിട്ട് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. വൻ ആയുധവത്കരണത്തിനും ഉയർന്ന വെല്ലുവിളികളേറ്റെടുക്കുന്നതിനും സമൂഹമാധ്യമ യുഗത്തിന് അനുയോജ്യമായ രാഷ്ട്രീയത്തിനുമാണ് ലോകം ഇപ്പോൾ സാക്ഷ്യം വഹിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ദക്ഷിണ കൊറിയയിൽ 'ജേജു ഫോറം ഫോർ പീസ് ആൻഡ് പ്രോസ്പെരിറ്റി 2026 പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ജയശങ്കർ. രാജ്യങ്ങൾ പരസ്പര ധാരണയോടെ ഒന്നിച്ച് പ്രവർത്തിക്കുന്നത് അന്താരാഷ്ട്ര

തലത്തിൽ സുസ്ഥിരത ഉറപ്പാക്കാനും കൃത്യമായ അജണ്ടകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനും സഹായിക്കുമെന്നും പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## MANOHAR BRICS MEETING

സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് താങ്ങാനാകുന്നതും വിശ്വസനീയവുമായ ഊർജ്ജം അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി മനോഹർ ലാൽ ഖട്ടർ. ഗുരുഗ്രാമിൽ നടന്ന 11-ാമത് ബ്രിക്സ് ഊർജ്ജ മന്ത്രിമാരുടെ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാമ്പത്തിക- സാമൂഹിക പുരോഗതിക്കും മനുഷ്യവികസനത്തിനും ഊർജ്ജം നിർണായകമാണ്. ഭാവിക്ക് അനുയോജ്യമായ ഊർജ്ജ മേഖല കെട്ടിപ്പടുക്കുന്നതിനായി ഇന്ത്യ പുനരുപയോഗ ഊർജ്ജ ശേഷി, സ്മാർട്ട് ഗ്രിഡ് അടിസ്ഥാന സൗകര്യങ്ങൾ, ഊർജ്ജ സംഭരണ സംവിധാനങ്ങൾ എന്നിവ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും ശ്രീ ഖട്ടർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## EARTHQUAKE

വെനസ്വേലയിൽ ഉണ്ടായ ശക്തമായ ഭൂകമ്പത്തിൽ 164 പേർ മരിച്ചു. 971 പേർക്ക് പരിക്കേറ്റതായാണ് വിവരം. വെനസ്വേലയുടെ തലസ്ഥാനമായ കാരക്കാസിലും പരിസര പ്രദേശങ്ങളിലുമായി 7.2, 7.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനങ്ങളാണ് ഉണ്ടായത്. ഇതിനെത്തുടർന്ന് രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കടുത്ത ദുഃഖം രേഖപ്പെടുത്തി. ഇന്ത്യ ദുരന്ത ബാധിതർക്കൊപ്പം നിലകൊള്ളുന്നുവെന്നും വെനസ്വേലയ്ക്ക് സാധ്യമായ എല്ലാ

സഹായങ്ങളും നൽകുമെന്നും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ജപ്പാന്റെ വടക്കൻ മേഖലയിലും ഭൂചലനം അനുഭവപ്പെട്ടു.

&&&&&&&&&&&&&&&&&&&&

## DRUG QR CODE AMENDMENTS

വ്യാജമരുന്നുകളുടെ വ്യാപനം തടയാനും സുരക്ഷ ശക്തിപ്പെടുത്തുന്നതിനുമായി 1945 ലെ ഡ്രഗ്സ് നിയമങ്ങളിൽ ഭേദഗതി വരുത്തി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം വിജ്ഞാപനം പുറത്തിറക്കി. ഇതോടെ ഷെഡ്യൂൾ H2 ൽ കൂടുതൽ മരുന്നുകൾ ഉൾപ്പെടും. വാക്സിനുകൾ, ആന്റിമൈക്രോബയലുകൾ, ക്യാൻസർ പ്രതിരോധ മരുന്നുകൾ എന്നിവ പുതിയ നിയമത്തിന്റെ പരിധിയിൽ വരും. ഇതോടൊപ്പം എൻ.ഡി.പി.എസ് നിയമപ്രകാരമുള്ള മയക്കുമരുന്നുകളും സൈക്കോട്രോപിക് മരുന്നുകളും ഷെഡ്യൂൾ എച്ച്-ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മരുന്നുകളുടെ പ്രാഥമിക പാക്കിങ് ലേബലിൽ ബാർകോഡോ ക്യു.ആർ കോഡോ പ്രിന്റ് ചെയ്യുകയോ പതിക്കുകയോ വേണം.

&&&&&&&&&&&&&&&&&&&&

## PM-AMAZON CEO

ഇന്ത്യയിൽ 48 ബില്യൺ ഡോളറിന്റെ റെക്കോർഡ് നിക്ഷേപം നടത്താനുള്ള ആമസോണിന്റെ തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. ആമസോൺ സി.ഇ.ഒ ആൻഡി ജാസിയുമായി പ്രധാനമന്ത്രി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഈ നിക്ഷേപം യുവാക്കൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുമെന്ന് അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## JITENDRA SINGH-DEFENCE COLLEGE

സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള യുദ്ധരീതികളാണ് രാജ്യത്തിന്റെ സുരക്ഷയെ ഇനി നിർവചിക്കുകയെന്ന് കേന്ദ്ര മന്ത്രി

ജിതേന്ദ്ര സിംഗ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ക്വാണ്ടം ടെക്നോളജി, ബഹിരാകാശ ഗവേഷണം എന്നിവ ഭാവി സുരക്ഷയിൽ നിർണായക പങ്കുവഹിക്കും. ന്യൂഡൽഹിയിലെ നാഷണൽ ഡിഫൻസ് കോളേജിൽ മുതിർന്ന ഉദ്യോഗസ്ഥരെയും വിദ്യാർഥികളെയും അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സങ്കീർണ്ണമായ ആഗോള സാഹചര്യങ്ങളിലെ വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിന് ഇന്ത്യ സാങ്കേതിക വിദ്യക്ക് മുന്നേ സഞ്ചരിക്കണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## FACT CHECK - AIRCRAFT

ഇന്ത്യയുടെ റഫാൽ യുദ്ധവിമാനങ്ങളുടെ എണ്ണം 36-ന് പകരം 32 ആണെന്ന് അവകാശപ്പെട്ട് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. ഈ വീഡിയോ വ്യാജമാണെന്നും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് നിർമ്മിച്ചതാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്റ്റ് ചെക്ക് യൂണിറ്റ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## PIYUSH GOYAL ON FTA (INTRO)

ഇന്ത്യ ഇതുവരെ ഒപ്പുവച്ചതിൽ വച്ച് ഏറ്റവും സമഗ്രമായ കരാറാണ് യുകെയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ എന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. കരാറിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക നേട്ടങ്ങളുടെ കാര്യത്തിൽ ആകാശമാണ് പരിധിയെന്ന്, ഇന്ന് ലണ്ടനിൽ നടന്ന ഇന്ത്യ ഗ്ലോബൽ ഫോറം യുകെ- ഇന്ത്യ വീക്കിനെ അഭിസംബോധന ചെയ്യവേ ശ്രീ ഗോയൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&

## SHIBU BABY JOHN

വന്യജീവി- മനുഷ്യ സംഘർഷങ്ങൾക്ക് പരിഹാരം കാണാൻ വിശദമായ പദ്ധതി തയ്യാറാക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ. വന്യജീവി ആക്രമണത്തിൻ്റെ നഷ്ടപരിഹാര തുകയിൽ വർധനവ് വരുത്തുന്ന കാര്യം പരിശോധിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. പത്തനംതിട്ട വടശ്ശേരിക്കരയിൽ നടന്ന അവലോകന യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കാട്ടുപന്നിയെ ക്ഷുദ്ര ജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരാണ് അനുമതി നൽകേണ്ടതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&&&

## ESA- SUNNY JOSEPH

ജനവാസ മേഖലകളെയും കൃഷിസ്ഥലങ്ങളെയും പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പരിധിയിൽ നിന്ന് പൂർണമായും ഒഴിവാക്കണമെന്ന് കേരളം, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെടും. പരിസ്ഥിതി ലോല പ്രദേശങ്ങളുമായി ബന്ധപ്പെട്ട ആശങ്ക പരിഹരിക്കുന്നതിനായി ചേർന്ന വകുപ്പുതല യോഗത്തിലാണ് ഇക്കാര്യം ചർച്ച ചെയ്തത്. ഈ വിഷയത്തിൽ തുടർനടപടികൾ തീരുമാനിക്കുന്നതിനായി ഈ മാസം 30 ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേരാനും തീരുമാനിച്ചു.

&&&&&&&&&&&&&&&&&&&&

## FIFA

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 1.30 ന് ക്യുറസാവോ- ൈഎവറി കോസ്റ്റിനെയും, ഇക്വഡോർ -ജർമനിയെയും നേരിടും. നാളെ പുലർച്ചെ 4.30 ന് നടക്കുന്ന മത്സരങ്ങളിൽ ടുണിഷ്യ- നെതർലാൻ്റ്സുമായും, ജപ്പാൻ -സ്വീഡനുമായും ഏറ്റുമുട്ടും. തുർക്കിയേ-യുഎസ്എ, പരാഗ്വേയ്-ഓസ്ട്രേലിയ മത്സരങ്ങൾ രാവിലെ 7.30 നാണ്. ഇന്ന് രാവിലെ നടന്ന

മത്സരങ്ങളിൽ ദക്ഷിണാഫ്രിക്ക -ദക്ഷിണ കൊറിയെയും, മെക്സിക്കോ- ചെക്ക് റിപ്പബ്ലിക്കിനെയും തോൽപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## T-20 WC - IND VS BAN

ഐസിസി വനിതാ ട്വന്റി - 20 ലോകകപ്പിൽ ഇന്ത്യ- ബംഗ്ലാദേശ് മത്സരം മാഞ്ചസ്റ്ററിൽ ആരംഭിച്ചു. ടോസ് നേടിയ ബംഗ്ലാദേശ് ബാറ്റിംഗ് തെരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&&&&

## CENSUS

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം 5 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

&&&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഞായറാഴ്ച രാവിലെ 11 മണിക്ക് നടക്കും. പരിപാടിയുടെ 135 -ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും നാളെ വരെ MYGOV, NaMo App അല്ലെങ്കിൽ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ അറിയിക്കാം.

&&&&&&&&&&&&&&&&&&&&

## TEACHERS AWARD

2026- ലെ ദേശീയ അധ്യാപക പുരസ്കാരത്തിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അപേക്ഷ ക്ഷണിച്ചു. ദേശീയ അവാർഡ് പോർട്ടൽ വഴി അടുത്ത മാസം പത്താം തീയതി വരെ നാമനിർദ്ദേശങ്ങൾ സമർപ്പിക്കാം.

**&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&**

**&&&**